**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ നാലാം നൂറുദിന കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയുടെ വികസനത്തിന് ഹ്രസ്വകാല പ്രവർത്തനങ്ങളായി സർക്കാർ മുന്നോട്ട് വച്ച നാലാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഏറ്റെടുത്ത മുഴുവൻ പദ്ധതികളും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പൂർത്തീകരിച്ചിട്ടുണ്ട്.<br><br>1. **DREAMS - സഹകരണ മാൾ**<br>കൊല്ലം ജില്ലയിൽ ദേശിംഗനാട് റാപ്പിഡ് ഡെവലപ്പ്മെന്റ് & അസിസ്റ്റന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഡ്രീംസ് - സഹകരണമാൾ നിർമ്മിക്കുന്ന പദ്ധതി പൂർത്തീകരിച്ചു.<br><br>2. **അക്ഷര മ്യൂസിയം- ഉദ്ഘാടനം**<br>അക്ഷര നഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബായിമാറ്റുന്ന പദ്ധതി. നാല് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന അക്ഷര മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം നാലാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 28 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചു.<br><br>3. **ഔഷധ കേന്ദ്രം - മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം.**<br>മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ ഔഷധവനം വിപുലപെടുത്തുന്നതിനും ഔഷധ സസ്യങ്ങൾ ചോപ്പ് ചെയ്ത് അർദ്ധ സംസ്കരണം നടത്തുന്നതിനും ഉള്ള പദ്ധതി പൂർത്തീകരിച്ചു.<br><br>4. **കേപ്പ് കോളേജ് ഓഫ് നഴ്സിംഗ്, ആലപ്പുഴ**<br>കേപ്പിന്റെ നിയന്ത്രണത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ നഴ്സിംഗ് കോളേജ്, ലാബ്, ലൈബ്രറി എന്നിവയുടെ ഉദ്ഘാടനം.<br>പദ്ധതി പൂർത്തീകരിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 17 ന് നിർവ്വഹിച്ചു. |

5. **തങ്കമണി SCB(CITA PROJECT)**

കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോത്സാഹിപ്പിക്കു ന്നതിനുള്ള പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു. ജൂലൈ 19 ന് ഉദ്ഘാടനം നടന്നു.

6. **ഗിഗ് വർക്കേഴ്സ് സഹകരണ സംഘം- ഗിഗ് തൊഴിലാളികൾക്ക് ഫുഡ് പ്രോസസിംഗ് യൂണിറ്റ്, റസ്റ്റിംഗ് സ്റ്റേഷൻ**

കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511 മുഖാന്തിരം കൊല്ലം ജില്ലിയിലെ ഗിഗ് വർക്കർമാർക്കും ഷോപ്പ് തൊഴിലാളികൾക്കും പ്രയോജനകരമായ രീതിയിൽ ഒരു ഫുഡ് പ്രോസസിംഗ് യൂണിറ്റും റസ്റ്റിംഗ് സ്റ്റേഷനും നിർമ്മിക്കുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

7. **മെറ്റീരിയൽ ബാങ്ക്.**

കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ നിർമ്മാണ മേഖലയിൽ ആവശ്യമുള്ള സാമഗ്രികകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ആധുനിക മെഷീനറികളുടെ സേവനം നിർമ്മാണ മേഖലയിൽ പരിപോഷിപ്പിക്കുന്നതിനായി മെറ്റീരിയൽ ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

8. **സഹകരണ ആശ്വാസ് - കെയർ ഹോം പദ്ധതി ഉദ്ഘാടനം.**

കെയർഹോം പദ്ധതി പ്രകാരം കണ്ണൂരിലെ പ്രളയബാധിതരായ 18 കുടുംബാംഗങ്ങൾക്കുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനം. പദ്ധതി പൂർത്തീകരിച്ചു.

9. **സഹകരണ എക്സ്പോ – 2024.**

സഹകരണ എക്സ്പോ- 2024 കോഴിക്കോട് ജില്ലയിൽ വച്ച് നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റി വയ്ക്കുകയും സഹകരണ എക്സ്പോ 2025 ആയി തിരുവനന്തപുരത്തു നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ എക്സ്പോ- 2025 ന്റെ ലോഗോ പ്രകാശനം നടത്തിയിട്ടുണ്ട്.

10. **സഹകരണ മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ online platform - ൽ ലഭ്യമാക്കുന്ന പദ്ധതി.**

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന ഗുണമേൻമയുള്ളതും, കയറ്റുമതിക്ക് അനുയോജ്യമായ ഗുണനിലവാരമുള്ള പുതിയ ഉൽപ്പന്നങ്ങൾ കോപ്പ് കേരള ബ്രാൻഡിംങ്ങോടെ അവതരിപ്പിക്കുകയും, വിദേശ നാണ്യം നേടി തരുന്ന വിധത്തിൽ online platform - ൽ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി.
പദ്ധതി പൂർത്തീകരിച്ചു.

11. **<u>സഹകരണ റിസോർട്ട് - പീരുമേട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം ഐ.273.</u>**
പീരുമേട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് തേക്കടിയുടെ പ്രവേശന കവാടമായ കുമളിയിൽ ബാങ്കിന് സ്വന്തമായുള്ള സ്ഥലത്ത് കൊട്ടാരക്കര മൈസൂർ ദേശീയ പാതയോരത്ത് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ 14 മുറികൾ, മിനി കോൺഫറൻസ് ഹാൾ, റെസ്റ്റോറന്റ്, വിശാലമായ പാർക്കിംഗ് എന്നിവയോടുകൂടിയ ബഹ നില ടൂറിസം റിസോർട്ട് നിർമ്മിക്കുന്ന പദ്ധതി.
പദ്ധതി പൂർത്തീകരിച്ചു.

12. **<u>മികവ്- പരിശീലന പദ്ധതി</u>**
സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ കാലാനുസൃതമായി അവരുടെ അറിവ് (Knowledge), കഴിവ് (Skill), സമീപനം (Attitude) എന്നിവ മാറ്റിയെടുത്തുകൊണ്ട് പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കേണ്ടതിന് സജ്ജരാക്കുന്ന പരിശീലന പരിപാടി.
പദ്ധതി പൂർത്തീകരിച്ചു.

13. **<u>സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ - പുന:നിർണ്ണയ പദ്ധതി.</u>**
ദീർഘകാലമായി സഹകരണ സംഘങ്ങളെ ക്ലാസിഫിക്കേഷൻ നടത്താത്തതുമൂലം മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയാതിരുന്ന സാഹചര്യം പരിഗണിച്ച് കേരളത്തിലെ സഹകരണ സംഘങ്ങളെ അവയുടെ സ്വഭാവത്തിന്റെയും നിലവിലെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്യുന്ന പദ്ധതി.
പദ്ധതി പൂർത്തീകരിച്ചു.

14. **<u>സഹകരണം - സുതാര്യം - ടി.വി പ്രോഗ്രാം</u>**
സഹകരണ മേഖലയുടെ നേട്ടങ്ങളും വിജയഗാഥകളും ജനങ്ങളിൽ എത്തിക്കുക, കൂടാതെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കുക എന്നിവയ്ക്കായി മുൻനിര ടി വി ചാനലുകളിലൂടെ പ്രചരണ പരിപാടി

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്ന പദ്ധതി. പദ്ധതി പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലയാള ഭാഷയുടെ പൈതൃകം അടുത്ത തലമുറയ്ക്ക് പകർന്നു നൽകുന്നത് ലക്ഷ്യമിട്ട് അക്ഷരം മ്യൂസിയം സ്ഥാപിക്കാൻ നടപടിയെടുത്തിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | അക്ഷരനഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബായിമാറ്റുന്ന പദ്ധതി. അക്ഷരം, എഴുത്ത് രൂപങ്ങൾ, വിവിധ ഭാഷാ വ്യവഹാരങ്ങൾ എന്നിവയെക്കുറിച്ചുള്ള സമ്പൂർണ്ണ മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്ത് നിർമ്മിക്കുന്ന പദ്ധതി പ്രകാരം നാലു ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന അക്ഷര മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം നാലാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 28 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനായി സഹകരണ മേഖലയിൽ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ നിർമ്മാണ മേഖലയിൽ ആവശ്യമുള്ള സാമഗ്രികകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ആധുനിക മെഷീനറികളുടെ സേവനം നിർമ്മാണ മേഖലയിൽ പരിപോഷിപ്പിക്കുന്നതിനായി മെറ്റീരിയൽ ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി ലേബർ സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ലേബർ ഫെഡിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ